"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് - 2023 ൽ കാലാവധി അവസാനിച്ചതും യഥാസമയം പുതുക്കുവാനാകാത്തതുമായ കരാറുകാരുടെ ലൈസൻസുകൾ പുതുക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ച ഉത്തരവ് - ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

പൊതുമരാമത്ത്(എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.433/2024/PWD തീയതി, തിരുവനന്തപുരം, 02-04-2024

---

പരാമർശം:-

1. സ.ഉ (അച്ചടി) നം.44/2018/ധന തീയതി 17.03.2018.
2. സ.ഉ(അച്ചടി) നം.28/2019/ധന തീയതി 08.03.2019.
3. സ.ഉ(സാധാ) നം.407/2024/പൊ.മ.വ തീയതി 16.03.2024.
4. പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ 19.03.2024 ലെ സി.ഇ.പി.ഡബ്ല്യൂ.ഡി/3286/2021/അഡ്മിൻ/പി.എൽ.എ-പാർട്ട് 2/എ. നം. കത്ത്.

ഉത്തരവ്

2023 ൽ കാലാവധി അവസാനിച്ചതും എന്നാൽ സമയബന്ധിതമായി ലൈസൻസ് പുതുക്കുവാൻ സാധിക്കാതിരുന്നതുമായ കരാറുകാർക്ക് ഒരു നിശ്ചിത പിഴയോടു കൂടി ലൈസൻസുകൾ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത പിഴത്തുക , പരാമർശം (1), (2) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കും വിധം പുതുക്കി നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു -

| ക്രമ നം. | ഇനം | പുതുക്കിയ പിഴത്തുക. ₹ |
|---|---|---|

| | | |
|---|---|---|
| | | |
| 1. | സിവിൽ | 2760 |
| 2. | ഇലക്ട്രിക്കൽ | 1655 |
| 3. | ഇലക്ട്രോണിക്സ് | 2205 |

2. പരാമർശം (3) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

പൊതുമരാമത്ത് വകുപ്പിലെ എല്ലാ ചീഫ് എഞ്ചിനീയർമാർക്കും.
പൊതുമരാമത്ത് വകുപ്പിലെ എല്ലാ രജിസ്റ്ററിങ്ങ് അധികാരികൾക്കും
(ചീഫ് എഞ്ചിനീയർമാർ മുഖേന)
എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇ-ഗവേർണൻസ്), പൊതുമരാമത്ത് വകുപ്പ്
ഭരണ വിഭാഗം എഞ്ചിനീയറുടെ കാര്യാലയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള,
തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ജലവിഭവ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
ഐ&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (PWD-H3/44/2024)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 02-04-2024 13:14:08
സെക്ഷൻ ഓഫീസർ